

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

وَلَقَدْ صَرَّفْنَا لِلنَّاسِ فِى هَٰذَا ٱلْقُرْءَانِ مِن كُلِّ مَثَلٍ فَأَبَىٰٓ أَكْثَرُ
ٱلنَّاسِ إِلَّا كُفُورًا ﴿٨٩﴾

89. ഈ ഖുർആനിലൂടെ മനുഷ്യർക്ക് നാം ജീവിത തത്ത്വങ്ങളെല്ലാം ബഹുവിധം വിശദീകരിച്ചുകൊടുത്തിരിക്കുന്നു. പക്ഷേ അധിക മനുഷ്യരും നിഷേധത്തിൽ തന്നെ ഉറച്ചുനിന്നു.

وَقَالُوا۟ لَن نُّؤْمِنَ لَكَ حَتَّىٰ تَفْجُرَ لَنَا مِنَ ٱلْأَرْضِ يَنۢبُوعًا
﴿٩٠﴾

90. അവർ പറയുന്നു: നീ ഈ മരുഭൂമിയിൽ ഞങ്ങൾക്കൊരു നീരുറവ പ്രവഹിപ്പിച്ചു തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കാൻ പോകുന്നില്ല.

أَوْ تَكُونَ لَكَ جَنَّةٌ مِّن نَّخِيلٍ وَعِنَبٍ فَتُفَجِّرَ ٱلْأَنْهَٰرَ خِلَٰلَهَا
تَفْجِيرًا ﴿٩١﴾

91. അല്ലെങ്കിൽ നിനക്കിവിടെ ഈത്തപ്പനയും മുന്തിരി വള്ളിയും നിറഞ്ഞ തോട്ടമുണ്ടാകട്ടെ. അവക്കിടയിലൂടെ സമൃദ്ധമായി നദികളൊഴുക്കുകയും വേണം.

أَوْ تُسْقِطَ ٱلسَّمَآءَ كَمَا زَعَمْتَ عَلَيْنَا كِسَفًا أَوْ تَأْتِىَ بِٱللَّهِ وَٱلْمَلَٰٓئِكَةِ قَبِيلًا
﴿٩٢﴾

92. അതല്ലെങ്കിൽ നീ ജൽപിച്ചതുപോലെ മാനത്തെ കഷ്ണങ്ങളായി ഞങ്ങൾക്കുമീതെ വീഴ്ത്തിക്കാണിക്കൂ. അല്ലെങ്കിൽ അല്ലാഹുവിനെയും മലക്കുകളെയും കൂട്ടത്തോടെ ഞങ്ങളുടെ മുന്നിൽ കൊണ്ടുവരൂ.

أَوْ يَكُونَ لَكَ بَيْتٌ مِّن زُخْرُفٍ أَوْ تَرْقَىٰ فِى ٱلسَّمَآءِ وَلَن نُّؤْمِنَ لِرُقِيِّكَ
حَتَّىٰ تُنَزِّلَ عَلَيْنَا كِتَٰبًا نَّقْرَؤُهُۥ ۗ قُلْ سُبْحَانَ رَبِّى هَلْ كُنتُ إِلَّا بَشَرًا
رَّسُولًا ﴿٩٣﴾

93. അതുമല്ലെങ്കിൽ നിനക്കൊരു കനകക്കൊട്ടാരമുണ്ടാകട്ടെ. അല്ലെങ്കിൽ നീ വാനലോകത്തേക്ക് കയറിപ്പോകേണം. എന്നാൽ അവിടെനിന്ന് ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഇറക്കിത്തരുന്നതുവരെ ഞങ്ങൾ നിന്റെ ആകാശാരോഹണവും വിശ്വസിക്കുന്നതല്ല. പ്രവാചകൻ അവരോടു പറയുക: പരമ പരിശുദ്ധനായ തമ്പുരാനേ! ഞാനൊരു ദൈവദൂതനായ മനുഷ്യനല്ലാതെ മറ്റെന്തെങ്കിലുമാണോ?!

وَمَا مَنَعَ ٱلنَّاسَ أَن يُؤْمِنُوٓا۟ إِذْ جَآءَهُمُ ٱلْهُدَىٰٓ إِلَّآ أَن قَالُوٓا۟ أَبَعَثَ ٱللَّهُ
بَشَرًا رَّسُولًا ﴿٩٤﴾

94. സന്മാർഗദർശനം സമാഗതമായപ്പോഴൊക്കെ അത് കൈക്കൊള്ളുന്നതിൽനിന്ന് ജനത്തെ വിലക്കിയത്, ദൈവം അവന്റെ ദൂതനായിട്ട് ഒരു മനുഷ്യനെ അയച്ചുവെന്നോ?! എന്ന അവരുടെ വാദം തന്നെയായിരുന്നു.

95. പ്രവാചകൻ അവരോടു പറയുക: ഭൂമിയിലുള്ളത് ശാന്തരായി ചരിക്കുന്ന മലക്കുകളായിരുന്നുവെങ്കിൽ, നാം അവർക്ക് മാനത്തുനിന്ന് ഒരു മലക്കിനെത്തന്നെ ദൈവദൂതനായി അയച്ചു കൊടുക്കുമായിരുന്നു.

قُل لَّوْ كَانَ فِى ٱلْأَرْضِ مَلَٰٓئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ ٱلسَّمَآءِ مَلَكًا رَّسُولًا ﴿٩٥﴾

وَلَقَدْ صَرَّفْنَا= (ബഹുവിധം വിശദീകരിച്ചു കൊടുത്തിരിക്കുന്നു) തീർച്ചയായും നാം തിരിച്ചുമറിച്ചു لِلنَّاسِ= മനുഷ്യർക്ക്

فِى هَٰذَا ٱلْقُرْءَانِ= ഈ ഖുർആനിൽ(ലൂടെ) مِن كُلِّ مَثَلٍ= എല്ലാ ഉദാഹരണങ്ങളാലും (ജീവിത തത്ത്വങ്ങളെല്ലാം)

فَأَبَىٰٓ= (പക്ഷേ ഉറച്ചുനിന്നു) അപ്പോൾ വിസമ്മതിച്ചു أَكْثَرُ ٱلنَّاسِ= അധിക മനുഷ്യരും

إِلَّا كُفُورًا= അല്ലാതെ നിഷേധത്തിൽ(തന്നെ) وَقَالُوا۟= അവർ പറ(യുന്നു)ഞ്ഞു

لَن نُّؤْمِنَ= ഞങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ല(വിശ്വസിക്കാൻ പോകുന്നില്ല) لَكَ= നിന്നെ(ന്റെ സന്ദേശം)

حَتَّىٰ تَفْجُرَ= നീ പ്രവഹിപ്പിക്കു(ച്ചു തരു)ന്നതുവരെ لَنَا= ഞങ്ങൾക്കു വേണ്ടി مِنَ ٱلْأَرْضِ= (ഈ മരു)ഭൂമിയിൽ നിന്ന്

يَنۢبُوعًا= ഒരു (നീരു)റവയെ أَوْ تَكُونَ لَكَ= അല്ലെങ്കിൽ നിനക്ക് (ഇവിടെ) ഉണ്ടാ(വട്ടെ)വുന്നതു വരെ جَنَّةٌ= ഒരു തോട്ടം

مِّن نَّخِيلٍ= ഈത്തപ്പന(യും)യാൽ وَعِنَبٍ= മുന്തിരി(വള്ളിയും നിറഞ്ഞ)യാലും

فَتُفَجِّرَ= നീ ഒഴുക്കു(കയും വേണം)ന്നതുവരെയും ٱلْأَنْهَٰرَ= നദികളെ خِلَٰلَهَا= അവക്കിടയിലൂടെ

تَفْجِيرًا= ഒരൊഴുക്കൽ(സമൃദ്ധമായി) أَوْ تُسْقِطَ= അല്ലെങ്കിൽ നീ വീഴ്ത്തു(ത്തിക്കാണിക്കുക)ന്നതു വരെ ٱلسَّمَآءَ= മാനത്തെ

كَمَا زَعَمْتَ= നീ ജൽപിച്ചതുപോലെ عَلَيْنَا= ഞങ്ങളുടെ മേൽ كِسَفًا= കഷ്ണങ്ങളായി

أَوْ تَأْتِىَ= അല്ലെങ്കിൽ നീ കൊണ്ടുവ(രൂ)രുന്നതുവരെ بِٱللَّهِ= അല്ലാഹുവിനെ وَٱلْمَلَٰٓئِكَةِ= മലക്കുകളെയും

قَبِيلًا= കൂട്ടത്തോടെ, നേരിട്ട് أَوْ يَكُونَ لَكَ= അതുമല്ലെങ്കിൽ നിനക്ക് ഉണ്ടാ(വട്ടെ)കുന്നതുവരെ بَيْتٌ= ഒരു വീട്(കൊട്ടാരം)

مِّن زُخْرُفٍ= കനകത്താൽ أَوْ تَرْقَىٰ= അല്ലെങ്കിൽ നി കയറിപ്പോ(കേണം)കുന്നതുവരെ فِى ٱلسَّمَآءِ= വാനലോകത്തേക്ക്

وَلَن نُّؤْمِنَ= ഞങ്ങളൊരിക്കലും വിശ്വസിക്കുകയില്ല لِرُقِيِّكَ= നിന്റെ ആരോഹണത്തെ

حَتَّىٰ تُنَزِّلَ عَلَيْنَا= (അവിടന്ന്) നീ ഞങ്ങളുടെ മേൽ ഇറക്കിത്തരുന്നതുവരെ كِتَٰبًا= ഒരു ഗ്രന്ഥം, രേഖ

نَّقْرَؤُهُۥ= ഞങ്ങൾ അതു വായിക്കും (ഞങ്ങൾക്കു വായിക്കാവുന്ന) قُلْ= നീ (പ്രവാചകൻ അവരോട്) പറയുക

سُبْحَانَ رَبِّى= എന്റെ നാഥൻ പരമപരിശുദ്ധനാകുന്നു(പരമപരിശുദ്ധനായ തമ്പുരാനേ) هَلْ كُنتُ= ഞാൻ ആണോ

إِلَّا بَشَرًا= ഒരു മനുഷ്യനല്ലാതെ (മറ്റെന്തെങ്കിലും) رَّسُولًا= ദൈവദൂതനായ

وَمَا مَنَعَ ٱلنَّاسَ= ജനങ്ങളെ വിലക്കിയിട്ടില്ല (വിലക്കിയത്)

أَن يُؤْمِنُوٓا۟= അവർ(അതു)വിശ്വസിക്കുന്നത്(കൈക്കൊള്ളുന്നതിൽനിന്ന്)

إِذْ جَآءَهُمُ ٱلْهُدَىٰٓ= അവർക്ക് സന്മാർഗം സമാഗതമായപ്പോൾ(ഒക്കെ)

إِلَّآ أَن قَالُوٓا۟= അവർ പറഞ്ഞതല്ലാതെ(അവരുടെ വാദം തന്നെയായിരുന്നു) أَبَعَثَ ٱللَّهُ= അല്ലാഹു അയച്ചുവോ(എന്ന)

بَشَرًا= ഒരു മനുഷ്യനെ رَّسُولًا= (അവന്റെ) ദൂതനായിട്ട് قُل= നീ(പ്രവാചകൻ അവരോടു) പറയുക

لَّوْ كَانَ فِى ٱلْأَرْضِ= ഭൂമിയിൽ (ഉള്ളത്) ആയിരുന്നുവെങ്കിൽ مَلَٰٓئِكَةٌ= മലക്കുകൾ يَمْشُونَ= അവർ നടക്കുന്നു(ന്ന)

مُطْمَئِنِّينَ= ശാന്തരായിട്ട് لَنَزَّلْنَا= തീർച്ചയായും നാം അയ(ച്ചു കൊടു)ക്കുമായിരുന്നു عَلَيْهِم= അവ(ർക്ക്)രുടെ മേൽ

مِّنَ ٱلسَّمَآءِ= മാനത്തുനിന്ന് مَلَكًا= ഒരു മലക്കിനെ(തന്നെ) رَّسُولًا= ദൈവദൂതനായിട്ട്

**89.** صَرَّفْنَا യുടെ ആശയം നേരത്തെ 41-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. مثل നെയാണ് ജീവിത തത്ത്വം എന്നു തർജമ ചെയ്തിട്ടുള്ളത്. മുൻസൂക്തത്തിൽ വന്ന مثل ന്റെ മറ്റൊരു രൂപമാണ് مَثَلٍ. ഉപമ, ഉദാഹരണം എന്ന അർഥത്തിലാണ് ഇതുപയോഗിക്കുന്നത്. ضرب المثل ഉദാഹരിക്കലാണ്. ഒരു കാര്യത്തെ മറ്റൊരു കാര്യത്തോട് അതിനുള്ള സാദൃശ്യം ചൂണ്ടിക്കാണിച്ച് വിവരിക്കലാണ് ഉദാഹരിക്കൽ. ഈയടിസ്ഥാനത്തിൽ സ്വഭാവ ഗുണങ്ങളുടെ വർണന, ചിത്രീകരണം, രൂപം പ്രാപിക്കൽ തുടങ്ങിയ ആശയവും അതുൾക്കൊണ്ടു. مثل الجنّة التي وعد المتقون-ഭക്തന്മാർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിന്റെ مثل എന്നാൽ സ്വർഗത്തിന്റെ വിശേഷങ്ങളാണ്. അവന്റെ مثل ശുനകന്റെ مثل ആകുന്നു. مثله كمثل الكلب-എന്നാൽ അവന്റെ സ്വഭാവം നായുടെ സ്വഭാവം പോലെയാണ് എന്നു താൽപര്യം. تمثيل രൂപം നൽകലാണ്. تمثال പ്രതിമയാണ്.

അമൂർത്തമായ ആശയങ്ങളെ വാഗ്‌രൂപത്തിൽ അവതരിപ്പിക്കുന്നതും مثل ആകുന്നു. تلك الامثال نضربها للناس-ഇവ നാം ജനങ്ങൾക്കായി അവതരിപ്പിക്കുന്ന مثل കളാകുന്നു എന്നുപറയുന്നത് ഈ അർഥത്തിലാണ്. അതിനു സമാനമാണ് ഈ സൂക്തത്തിലെ صَرَّفْنَا لِلنَّاسِ فِى هَـٰذَا ٱلْقُرْءَانِ مِن كُلِّ مَثَلٍ .

വചന താൽപര്യമിതാണ്: ജീവിത തത്ത്വങ്ങളോരോന്നും വ്യത്യസ്ത വാക്കുകളിലും ശൈലികളിലുമായി ആവർത്തിച്ചു വിശദീകരിച്ചുതരുന്ന ഈ വേദത്തിന്റെ ആഗമനത്തോടെ, 'ഞങ്ങൾക്ക് ദൈവത്തിങ്കൽ നിന്ന് സന്മാർഗ ദർശനം ലഭിച്ചിട്ടില്ല' എന്ന ന്യായം പറയാൻ അവിശ്വാസികൾക്ക് അവസരമില്ലാതായിരിക്കുന്നു. അല്ലാഹു അവന്റെ ന്യായം പൂർത്തീകരിച്ചു കഴിഞ്ഞു. ഇനിയും അധികമാളുകളും സത്യനിഷേധത്തിൽ തന്നെ കടിച്ചു തൂങ്ങുന്നുവെങ്കിൽ അത് അവരുടെ ദൗഷ്ട്യവും ദൗർഭാഗ്യവുമാണ്.

**90-93.** മുൻ സൂക്തങ്ങളിൽ സൂചിപ്പിച്ച, ഖുർആൻ ദൈവിക വചനമാണെന്നു തെളിയിക്കുന്ന അനിഷേധ്യമായ ദൃഷ്ടാന്തങ്ങളുണ്ടായിട്ടും, ആ വചനങ്ങൾ, ജീവിത തത്ത്വങ്ങൾ ബഹുവിധം സുതാര്യമായി വിശദീകരിച്ചു കൊടുത്തിട്ടും അംഗീകരിക്കാൻ കൂട്ടാക്കാതെ, തങ്ങൾ വിശ്വസിക്കണമെങ്കിൽ മറ്റു പലതരം ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തേണമെന്നാവശ്യപ്പെടുകയാണ് സത്യനിഷേധികൾ. അതിന്റെ നാല് ഉദാഹരണങ്ങളാണ് ഈ സൂക്തങ്ങളിൽ പരാമർശിക്കുന്നത്.

آمن به യുടെ അർഥം തന്നെയാണ് آمن له വിന്നും ഉള്ളത്. എങ്കിലും രണ്ടിന്റെയും ധ്വനികളിൽ സൂക്ഷ്മമായ വ്യത്യാസമുണ്ട്. ഖുർആൻ ബോധനം സൂറഃ യൂനുസ് 83-ാം സൂക്തത്തിനു താഴെ അത് വിശദീകരിച്ചിരിക്കുന്നു. نبع (ഉറവ)യിൽ നിന്നുത്ഭവിച്ചതാണ് ينبوع. അറബിയിലെ സാധാരണ പദരൂപീകരണ നിയമങ്ങൾക്കപവാദമാണ് نبع ൽ നിന്നുള്ള ينبوع ന്റെ രൂപീകരണം. ധാരാളമായും നിരന്തരമായും പ്രവഹിക്കുന്ന ഉറവയാണ് ينبوع. ഇവിടെ പറയുന്ന ആവശ്യങ്ങൾ ഓരോന്നും പലപ്പോഴായി അവിശ്വാസികൾ പ്രവാചകനോട് ഉന്നയിക്കാറുണ്ടായിരുന്നു. ചിലപ്പോൾ ഒറ്റയിരുപ്പിൽ തന്നെ അവയെല്ലാം ഒന്നിച്ചും ആവശ്യപ്പെടും. ഈ സൂക്തങ്ങൾ അവതരിച്ചത് അത്തരമൊരു സന്ദർഭത്തിലാണെന്ന് നിവേദനമുണ്ട്.

ഇബ്നുഇസ്ഹാഖ് പ്രസ്താവിക്കുന്നു: ഉത്ബഃബിൻ റബീഅഃ, ശൈബഃ ബിൻ റബീഅഃ, അബൂസുഫ്‌യാൻ, അസ്‌വദ് ബിൻ മുത്വലിബ്, സംഅ ബിൻ അസ്‌വദ്, വലീദ് ബിൻ മുഗീറ, അബൂജഹൽ, അബ്ദുല്ലാഹിബിൻ ഹിശാം, അബ്ദുല്ലാബിൻ അബീഉമയ്യ, ഉമയ്യബിൻ ഖലഫ് തുടങ്ങിയ പ്രമുഖന്മാരും മറ്റു കുറെപേരും കഅ്ബക്കടുത്ത് സമ്മേളിച്ച് പ്രവാചകനെ വിളിക്കാൻ ആളയച്ചു. ഖുറൈശികളുടെ നിലപാടിൽ മാറ്റമുണ്ടാവുകയാണെന്ന് കരുതിയ പ്രവാചകൻ അതിവേഗം ആ സഭയിലെത്തി. പക്ഷേ, തങ്ങളുടെ വിശ്വാസങ്ങൾ തള്ളിപ്പറയുകയും മതത്തെ വിമർശിക്കുകയും ചെയ്യുന്നതിന്റെ പേരിൽ അവരദ്ദേഹത്തെ ആക്ഷേപിക്കുകയാണുണ്ടായത്. പ്രവാചകൻ തന്റെ പ്രസ്ഥാനം ഉപേക്ഷിക്കാൻ അവർ രണ്ട് കാര്യങ്ങൾ മുന്നോട്ടു വെച്ചു. ഒന്നുകിൽ അദ്ദേഹം ആവശ്യപ്പെടുന്ന പണം കൊടുക്കാം. അല്ലെങ്കിൽ അദ്ദേഹത്തെ നേതാവായി വാഴിക്കാം. പ്രവാചകൻ അവർക്ക് നൽകിയ മറുപടി, താൻ അല്ലാഹു അവരിലേക്കയച്ച ദൂതനാണെന്നും അവരുടെ രക്ഷക്കുവേണ്ടിയുള്ള സദുപദേശമല്ലാതെ മറ്റൊരു താൽപര്യവും തനിക്കില്ലെന്നുമായിരുന്നു. തിരുമേനിയെ അദ്ദേഹത്തിന്റെ നിലപാടിൽനിന്ന് ഇളക്കാനാവില്ലെന്നു ബോധ്യപ്പെട്ടപ്പോൾ അവർ ഈ സൂക്തത്തിൽ പറയുന്ന ആവശ്യങ്ങളുന്നയിക്കുകയായിരുന്നു. മുഹമ്മദ്(സ) സത്യപ്രവാചകനാണെങ്കിൽ ഈ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തും, അപ്പോൾ ഞങ്ങൾ അദ്ദേഹത്തിന്റെ പ്രബോധനം സ്വീകരിക്കാം എന്ന വിചാരത്തോടെയല്ല അവരിതാവശ്യപ്പെടുന്നത്; പ്രത്യുത മനുഷ്യശേഷിക്കതീതമായ ഈ ആവശ്യങ്ങളൊന്നും നിവർത്തിക്കാൻ മുഹമ്മദിനാവില്ല; അതുകൊണ്ട് അയാൾ തന്റെ കഴിവില്ലായ്മ സമ്മതിക്കും, അപ്പോൾ അയാളെ തള്ളിപ്പറയാൻ അത് ന്യായമാക്കാം എന്ന വിചാരത്തോടെയായിരുന്നു. അവരുന്നയിച്ച ആവശ്യങ്ങൾ ഇവയാണ്:

1) ഞങ്ങൾ നോക്കിനിൽക്കെ ഈ മക്കയിൽ അഥവാ മരുഭൂമിയിൽ സമൃദ്ധമായ ഒരു നീരുറവ പ്രവഹിപ്പിച്ചു കാണിച്ചുതരിക.

2) അല്ലെങ്കിൽ ദൈവം ദൂതനായി തെരഞ്ഞെടുത്തയച്ച താൻ മഹാദരിദ്രവാസിയാണല്ലോ. തനിക്ക് ഈത്തപ്പനയും മുന്തിരിവള്ളികളും തിങ്ങിയ ഒരു തോട്ടമുണ്ടാകട്ടെ. ആ തോട്ടത്തിൽ അവിടവിടെ സമൃദ്ധമായി ഒഴുകുന്ന ധാരാളം ആറുകളുമുണ്ടായിരിക്കണം. അങ്ങനെ ആദ്യം തന്റെ ഈ ദാരിദ്ര്യമൊന്ന് മാറിക്കാണട്ടെ.

3) അല്ലെങ്കിൽ, നീ കുറെ കാലമായല്ലോ ജൽപിക്കുന്നു, നിന്റെ പ്രബോധനം തള്ളിക്കളയുന്നതിന് ശിക്ഷയായി ഞങ്ങൾക്കുമീതെ ആകാശം ഇടിഞ്ഞു വീഴുമെന്ന്. كَمَا زَعَمْتَ എന്നാണ് മൂലവാക്യം. അടിസ്ഥാനരഹിതവും ബാലിശവുമായ ഭീഷണികളും അവകാശ വാദങ്ങളുമാണ് زعم. ഇവിടെ ഈ അർഥത്തിൽതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. ചിലപ്പോൾ വാദം എന്ന അർഥത്തിലും ഈ വാക്ക് ഉപയോഗിക്കും. സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും ഫലം കൊടിയ ശിക്ഷയായിരിക്കുമെന്നും സത്യധർമങ്ങൾ അനുസരിക്കുന്നതിന്റെ ഫലം സ്വർഗീയ സൗഭാഗ്യങ്ങളായിരിക്കുമെന്നും ഖുർആൻ നൽകുന്ന മുന്നറിയിപ്പുകളെ പ്രവാചകന്റെ ജൽപനങ്ങളായിട്ടാണ് അവിശ്വാസികൾ വിശേഷിപ്പിച്ചിരുന്നത്. സൂറഃ സബഅ് 9-ാം സൂക്തത്തിലെ ان نشأ نخسف بهم الأرض او نسقط عليهم كسفا من السماء (നാം ഇഛിക്കുന്നുവെങ്കിൽ അവരെ ഭൂമിയിൽ ആഴ്ത്തിക്കളയുകയോ അവർക്കു മീതെ ആകാശത്തിന്റെ ഖണ്ഡങ്ങൾ വീഴ്ത്തുകയോ ചെയ്യാം) എന്ന താക്കീതായിരിക്കും പ്രകൃത സന്ദർഭത്തിൽ ഖുറൈശികൾ ഉദ്ദേശിച്ചത്. 52:44 ലും ഇതുപോലുള്ള മുന്നറിയിപ്പുണ്ട്.

ആകാശ ഖണ്ഡങ്ങൾ വീഴ്ത്തുന്നില്ലെങ്കിൽ, നിന്നോട് സംസാരിക്കുന്നുവെന്ന് പറയുന്ന അല്ലാഹുവിനെയും മലക്കുകളെയും താഴോട്ടു കൊണ്ടുവന്ന് ഞങ്ങൾക്കൊന്നുകാണിച്ചു തരിക. قبيلا ന്റെ കൂടുതൽ പ്രചുരമായ അർഥം കൂട്ടം, സംഘം എന്നാണ്. قبيلة ഗോത്രം. നേരിട്ട്, മുഖാമുഖം (عيانا ومقابلة) എന്നും അർഥമുണ്ട്. 'ഞാനയാളെ നേരിട്ടു കണ്ടു' എന്നതിന് رأيته قبيلا എന്നുപറയും. പ്രകൃത സന്ദർഭത്തിൽ ഈ രണ്ടർഥവും യോജിക്കും.

4) അതല്ലെങ്കിൽ നിനക്കു പാർക്കാൻ ഒരു സ്വർണ സൗധമുണ്ടാകട്ടെ. അല്ലെങ്കിൽ ഞങ്ങളുടെ കൺമുമ്പിൽ വെച്ച് നീ വാനലോകത്തേക്കാരോഹണം ചെയ്യുന്നത് ഞങ്ങൾക്കു കാണണം. അല്ലാഹു എഴുതിത്തരുന്ന ഒരു ഗ്രന്ഥവുമായി വേണം അവിടെനിന്ന് ഇറങ്ങിവരാൻ. നിന്നെ അവൻ ഞങ്ങൾക്ക് ദൈവ

ദൂതനായി നിയോഗിച്ചിരിക്കുന്നുവെന്ന ലിഖിത ശാസനം അതിൽ ഞങ്ങൾക്ക് വ്യക്തമായി വായിക്കാൻ കഴിയണം. എങ്കിലേ നിന്റെ ആരോഹണം ആകാശലോകത്തേക്കു തന്നെയായിരുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കൂ. كِتَٰبًا ഗ്രന്ഥമാകാം, എഴുത്തും രേഖയുമാകാം. ഗ്രന്ഥം എന്ന അർഥത്തിലെടുക്കുമ്പോൾ വചന താൽപര്യം നിന്റെ പ്രവാചകത്വത്തിന് സാക്ഷ്യമായി നീ പറഞ്ഞുകൊടുത്ത് നിന്റെ ശിഷ്യന്മാരെക്കൊണ്ട് എഴുതിയുണ്ടാക്കിച്ച ഗ്രന്ഥം പോരാ, ദൈവം നേരിട്ട് എഴുതി ആകാശത്തുനിന്ന് ഇറക്കിക്കൊണ്ടുവന്നതും ഞങ്ങൾക്ക് വ്യക്തമായി വായിക്കാവുന്നതുമായ ഒരു ഗ്രന്ഥം തന്നെ വേണം എന്നാകുന്നു. രേഖ എന്ന അർഥത്തിലെടുക്കുമ്പോൾ, നീ പ്രവാചകനാണെന്നതിനൊരു സാക്ഷ്യപത്രം വാനലോകത്തുനിന്ന്, ഞങ്ങൾക്ക് വായിച്ചു ബോധ്യപ്പെടാവുന്നവണ്ണം എഴുതി വാങ്ങിക്കൊണ്ടുവരേണം എന്നും.

അവിശ്വാസികൾ ഉന്നയിച്ച ആവശ്യങ്ങളോട് سبحان ربي هل كنت الا بشرا رسولا എന്ന് പ്രതികരിക്കാനാണ് അല്ലാഹു പ്രവാചകനോട് കൽപിച്ചത്. ഇത് سبحان الله പോലെ സ്തോത്ര വചനമാണ്. സുബ്ഹാനല്ലാഹ് എന്ന പോലെ അത്ഭുത പ്രകടനമായും ഈ വചനം ഉരുവിടാറുണ്ട്. ഈ സന്ദർഭത്തിലും അത്ഭുത പ്രകടനമായിട്ടാണ് ഒരു വിഭാഗം പണ്ഡിതന്മാർ പരിഗണിച്ചിട്ടുള്ളത്. അതായത്, ഹാ എന്തൊരത്ഭുതം, സുബ്ഹാനല്ലാഹ് ഇതൊക്കെ ചെയ്തുകൊടുക്കാൻ ഞാൻ ദൈവദൂതനായ ഒരു മനുഷ്യനിൽ കവിഞ്ഞ മറ്റു വല്ലതുമാണോ?!. ചോദ്യങ്ങൾക്കുള്ള മറുപടിയുടെ ഭാഗമായി പരിഗണിക്കുമ്പോൾ ആശയം ഇപ്രകാരമാകുന്നു: എന്റെ നാഥൻ സകലവിധ പങ്കാളിത്തങ്ങളിൽനിന്നും അതീതനും പരിശുദ്ധനുമാകുന്നു. അവൻ കനിഞ്ഞരുളിയതല്ലാതെ സ്വന്തമായി യാതൊരു കഴിവും അധികാരവും എനിക്കില്ല. ഞാൻ അവന്റെ ദൂതനായ മനുഷ്യൻ മാത്രം. നിങ്ങൾ ഇത്തരം കാര്യങ്ങൾ എന്നോടാവശ്യപ്പെടാൻ, ഞാനൊരിക്കലും അല്ലാഹുവിന്റെ അധികാരങ്ങളിലോ കഴിവുകളിലോ പങ്കാളിത്തം അവകാശപ്പെട്ടിട്ടില്ലല്ലോ. ദൈവദൂതൻ എന്ന നിലയിൽ നിങ്ങളിൽ ദൈവിക സന്ദേശം പ്രബോധനം ചെയ്യുക മാത്രമാണ് എന്റെ ഉത്തരവാദിത്വം. അതിലപ്പുറം യാതൊന്നും ചെയ്യാനുള്ള കഴിവും സ്വാതന്ത്ര്യവും എനിക്കില്ല.

**94.** ഹുദയുടെയും ഹിദായത്തിന്റെയും മൗലികമായ ഭാഷാർഥം സൗമ്യമായി അറിയിക്കലാണ്. സന്മാർഗവും സന്മാർഗദർശനവുമാണ് പ്രചുരമായ പ്രയോഗാർഥം. സ്നേഹ സമ്മാനത്തിന് هدية എന്നു പറയും. اهديت هدية എന്നാൽ ഞാനൊരു സമ്മാനം കൊടുത്തു. هديته എന്നാൽ ഞാനയാളെ മാർഗദർശനം ചെയ്തു. ഹുദയിൽ നിന്നുള്ള ക്രിയ هُدًى. ഏതു രീതിയിലുള്ള മാർഗദർശനത്തിനും 'ഹുദ' എന്നു പറയാം. ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് അല്ലാഹു പ്രവാചകന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും സുവ്യക്തമായ തെളിവുകളോടെയും ന്യായങ്ങളോടെയും മനുഷ്യർക്കായി അവതരിപ്പിച്ച ദൈവിക സന്മാർഗ ദർശനമാണ്. ആളുകൾ അതു നിഷേധിക്കാൻ പലവക തർക്കങ്ങളുന്നയിച്ചു നോക്കുമെങ്കിലും അതിൽ യാതൊന്നിനെയും സത്യവിരുദ്ധമെന്നോ യുക്തിവിരുദ്ധമെന്നോ നീതി വിരുദ്ധമെന്നോ പറഞ്ഞ് തള്ളിക്കളയാൻ ആർക്കും സാധിക്കുകയില്ല. ഒടുവിൽ അവർ കണ്ടെത്തുന്ന ന്യായം നമ്മെപ്പോലൊരു മനുഷ്യൻ ദൈവത്തിന്റെ ദൂതനെന്നവകാശപ്പെട്ടുവന്നാൽ സ്വീകരിക്കാനൊക്കുമോ എന്നതാണ്. ദൈവം ഒരു ദൂതനെ അയക്കുകയാണെങ്കിൽ അവന്റെ മക്കളെ, അല്ലെങ്കിൽ ഉപദൈവങ്ങളെ അതൊന്നുമില്ലെങ്കിൽ മലക്കുകളെയെങ്കിലുമല്ലേ അയക്കേണ്ടത്?

**95.** അതായത്, തങ്ങളെ മാർഗദർശനം ചെയ്യാൻ ഒരു മനുഷ്യനു പകരം ഒരു മലക്കായിരുന്നു വരേണ്ടിയിരുന്നത് എന്നാണവർ കരുതുന്നതെങ്കിൽ അവരോട് പറയുക: ഭൂമിയിലുള്ളത് മനുഷ്യർക്കുപകരം ശാന്തപ്രകൃതരായ മലക്കുകളായിരുന്നുവെങ്കിൽ, അവരിലേക്ക് ദൂതനെ അയക്കുകയാണെങ്കിൽ തീർച്ചയായും ആകാശത്തുനിന്ന് ഒരു മലക്കിനെത്തന്നെയായിരുന്നു നാം അയക്കുക. ഭൂമിയിൽ ഇപ്പോൾ വസിക്കുന്നത് മനുഷ്യരാണ്. അവരുടെ സന്മാർഗദർശനാർഥം മലക്കിനെ നിയോഗിച്ചിട്ടുകാര്യമില്ല. അവരോടൊപ്പം ജീവിച്ചുകൊണ്ട് അവർക്ക് യഥാർഥ മനുഷ്യ ജീവിതത്തിന്റെ മാതൃക കാണിച്ചുകൊടുക്കാനാണല്ലോ പ്രവാചകന്മാർ അയക്കപ്പെടുന്നത്. മനുഷ്യരിൽനിന്ന് തികച്ചും വ്യത്യസ്തമായ പ്രകൃതിയിൽ സൃഷ്ടിക്കപ്പെട്ട മലക്കുകൾക്കെങ്ങനെയാണ് മനുഷ്യജീവിതത്തിന് മാതൃകയാകാൻ കഴിയുക?

يَمْشُونَ مُطْمَئِنِّينَ -ശാന്തരായി ചരിക്കുന്ന-എന്ന് മലക്കുകളെ വിശേഷിപ്പിച്ചതിന്റെ താൽപര്യമിതാണ്: അല്ലാഹുവിന്റെ മലക്കുകൾ ഭൂമിയിൽ വന്നുപോയിക്കൊണ്ടിരിക്കുന്നുണ്ട്. അവരിവിടെ സ്ഥിരമായി വസിക്കുകയോ മനുഷ്യരെപ്പോലെ വ്യവഹാരങ്ങളിലേർപ്പെടുകയോ പരസ്പരം മത്സരിക്കുകയോ ചെയ്യുന്നില്ല. അല്ലാഹുവിന് പൂർണമായും വിധേയരായി അവന്റെ ഇച്ഛകൾ നടപ്പിലാക്കുന്നതിനു വേണ്ടിയാണവർ വരുന്നതും പോകുന്നതും. ■